**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സാക്ഷരതാമിഷൻ പ്രേരകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / പൊതു ഫണ്ടിൽ നിന്നും ഓണറേറിയം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 1139/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതിഃ 17.04.2012.

==========================================================================
=

പരാമർശംഃ- കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഡയറക്ടറുടെ

31.01.2012-ലെ എ1-3943/10/KSLMA നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന തുടർ വികസന വിദ്യാ കേന്ദ്രങ്ങളിലെ പ്രേരകർക്കും അസിസ്റ്റൻഡ് പ്രേരകർക്കും ഓണറേറിയം, ഫെസ്റ്റിവൽ അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ 2012 ഏപ്രിൽ 1 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിക്കണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സാക്ഷരതാമിഷന് കീഴിൽ പ്രവർത്തിക്കുന്ന തുടർ വികസന വിദ്യാ കേന്ദ്രങ്ങളിലെ പ്രേരകർക്കും അസിസ്റ്റൻഡ് പ്രേരകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / പോതു ആവശ്യ ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന ഓണറേറിയം തുടങ്ങിയ ആനുകൂല്യങ്ങൾ സംസ്ഥാന സാക്ഷരതാ മിഷൻ തിരികെ നൽകണമെന്ന വ്യവസ്ഥയിൽ 1.04.2012 മുതൽ 31.03.2013 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / പോതു ആവശ്യ ഫണ്ടിൽ നിന്നും തുടർന്ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് ബന്ധപ്പെട്ട നഗരസഭകൾക്ക് നൽകേണ്ടതാണ്)
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ, റ്റി.സി. 25/92(2), ബൃന്ദാവൻ, ഗാന്ധാരി അമ്മൻകോവിൽ റോഡ്, പുത്തൻചന്ത, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ / ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.